# കുംഭോദരന്റെ തപസ്സ്

സഞ്ജയൻ



കുംഭോദരന്റെ തപസ്സ്

സഞ്ജയൻ

(മലയാളം: ലേഖനം)

© 2021, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Caliban, a painting by Franz Marc (1880–1916). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കുംഭോദരന്റെ തപസ്സ്

സഞ്ജയന്റെ കഴിഞ്ഞ രണ്ടുമൂന്നു പ്രാവശ്യത്തെ കുറിപ്പുകളൊന്നും കുട്ടികൾക്കു വായിച്ചിട്ടു മനസ്സിലാകുന്നില്ലെന്ന് ഒരാക്ഷേപം പുറപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇപ്രാവശ്യം കുട്ടികൾക്കുവേണ്ടി മാത്രം ഒരു കഥ പറയാനാണ് സഞ്ജയൻ ആലോചിക്കുന്നത്. മുതിർന്നവർ ഇതു വായിച്ചാലും ഇല്ലെങ്കിലും സഞ്ജയന്ന് ഒരുപോലെയാണ്.

* * *

പണ്ട്—വളരെ, വളരെക്കാലം മുമ്പ് കണ്ട്റമേണ്ട് എന്നു പേരായ ഒരു കാട്ടിൽ 4,663 പരുന്തുകളും 4,578 കാക്കകളും ഉണ്ടായിരുന്നു. മറ്റു പക്ഷികളുമുണ്ട്; പക്ഷേ, അവരുടെ എണ്ണം ചുരുക്കമായിരുന്നു. ഈ കാക്കകളും പരുന്തുകളും ചിലപ്പോൾ യോജിച്ചുതാമസിക്കും; ചിലപ്പോൾ അന്യോന്യം യുദ്ധംചെയ്യും. യുദ്ധമെന്നുകേട്ട് നിങ്ങൾ പേടിയ്ക്കേണ്ട. അവരുടെ യുദ്ധത്തിൽ ആരും മരിയ്ക്കാറില്ല; അന്യോന്യം മരക്കൊമ്പുകളിൽ കൂട്ടമായിരുന്നു ശകാരിക്കുകയാണ് അവരുടെ യുദ്ധം.

* * *

ഞാൻ പറയുന്ന കഥ നടക്കുന്ന കാലത്ത് ഈ കാക്കകളും പരുന്തുകളും അന്യോന്യം യുദ്ധം ചെയ്യുകയായിരുന്നു. ഈ യുദ്ധം നടന്നുകൊണ്ടിരിക്കേ, പരുന്തുകളുടെ ഇടയിൽ കുറെ പ്രധാനിയായ കുംഭോദരൻ ഇങ്ങനെ വിചാരിച്ചു. "ഞാൻ എന്റെ കൂട്ടരുടെ ഭാഗത്തുനിന്നാൽ അവരെന്നെ സഹായിക്കും; പക്ഷേ, കാക്കകൾ ദ്രോഹിക്കും. കാക്കകളുടെ ഭാഗത്തു ചേർന്നാൽ പരുന്തുകൾ എനിക്ക് ഇരിയ്ക്കപ്പൊറുതി തരില്ല. പക്ഷേ, ഇവരുടെ രണ്ടാളുടെയും സഹായം എനിക്കു വേണം ഇതിനെന്തു നിവൃത്തി?"

* * *

കുംഭോദരൻ വളരെനേരം ആലോചിച്ചു. ഒടുക്കം അയാൾ ഒരു വിദ്യ കണ്ടുപിടിച്ചു. അതു രണ്ടുഭാഗത്തും ചേർന്നുകളയാമെന്നുള്ളതായിരുന്നു. അതുകൊണ്ടു പ്രസ്തുത കുംഭോദരൻ കാക്കകൾ പറക്കുമ്പോൾ അവരുടെ കൂടെയും, പരുന്തുകൾ ഉയരുമ്പോൾ അവരുടെ കൂടെയും, പറന്നും ഉയർന്നും കൊണ്ടിരുന്നു. കുംഭോദരൻ വിചാരിച്ചത് അയാൾ ഇരുകൂട്ടരേയും പറ്റിക്കുകയാണെന്നായിരുന്നു.

* * *

അങ്ങിനെയിരിയ്ക്കെ അക്കാട്ടിലെ പക്ഷിരാജാവിനെ തിരഞ്ഞെടുക്കുന്ന സമയമായി. തിരഞ്ഞെടുപ്പുദിവസം എല്ലാ കാക്കകളും പരുന്തുകളും കൂട്ടംകൂട്ടമായി വന്നു തനിക്കു വോട്ടുചെയ്യുമെന്നാണ് കുംഭോദരൻ വിചാരിച്ചത്—എങ്കിലും കാര്യം ഒന്നു തീർച്ചപ്പെടുത്തിക്കളയാമെന്നു കരുതി അയാൾ കാക്കമൂപ്പന്റെ വീട്ടിൽ ചെന്നു: "ഇഷ്ടാ, ഞാൻ കാക്കകളുടെ കൂടെ എപ്പോഴും പറക്കുന്നതു താങ്കൾ കണ്ടിട്ടില്ലേ?" എന്നു ചോദിച്ചു. അപ്പോൾ കാക്ക "ഫൂ, പോ, നീ പരുന്തുകളുടെകൂടെ ഉയരുന്നതു ഞാൻ കണ്ടിട്ടുണ്ട്. കടക്കു പുറത്ത്" എന്നു പറഞ്ഞു കുംഭോദരനെ ഇരുപത്തേഴു ബലിക്കാക്കകളുടെ സഹായത്തോടുകൂടി പുറത്തേക്കു തള്ളിയയച്ചു.

* * *

കുംഭോദരന്നു വലിയ വിഷാദമായി. "ആട്ടെ പരുന്തുകളുടെ കൂടെ ഉയരുന്നതാണ് കണ്ടതെന്നല്ലേ കാക്ക പറഞ്ഞത്? എന്നാൽ പരുന്തുകളുടെ വോട്ടെങ്കിലും കിട്ടും. ആഫ്റ്റർ ഓൾ, അതുകൊണ്ട് ജയിക്കാം" എന്നൊക്കെ ഒടുവിൽ വിചാരിച്ചു സമാധാനിച്ച് അയാൾ പരുന്തുമൂപ്പന്റെ അടുത്തു ചെന്നു. പരുന്തുമൂപ്പനോട് കുംഭോദരൻ: "ചങ്ങാതി, ഞാൻ പരുന്തുകളുടെകൂടെ എപ്പോഴും ഉയരാറില്ലേ? അതു നിങ്ങൾ കണ്ട സംഗതിയല്ലേ? ഞാൻ ഇങ്ങിനെ ചെയ്തതുകൊണ്ട് കാക്കകൾ ഇപ്പോൾ എന്നെ കല്ലെടുത്ത് എറിയുന്നു. നിങ്ങളെങ്കിലും എന്നെ സഹായിക്കുകയില്ലേ?" എന്നു ചോദിച്ചു. ഉടനെ പരുന്തുമൂപ്പൻ എഴുന്നേറ്റു വായിലെ മുറുക്കാൻ തുപ്പി "ഫഃ, കഴുതേ. നിന്നെ ഞാൻ അധികം കണ്ടതു കാക്കകളുടെകൂടെ പറക്കുന്ന സമയത്താണ്. ഇപ്പോൾ നിനക്കു ഞങ്ങൾ വേണം. ഇല്ലേ? കടന്നുപോ!" എന്ന് ആജ്ഞാപിച്ചു. ഇരുപത്തിമൂന്നു പരുന്തുകൾ കൂടി കുംഭോദരനെ ബലാൽക്കാരമായി വലിച്ചിഴച്ചു പുറത്താക്കി.

* * *

കുംഭോദരൻ വളരെ, വളരെ വ്യസനിച്ചു. ഒരു അപകടപ്രസംഗം ചെയ്ത തകരാറിനെപ്പറ്റി മി. പള്ളത്തുരാമൻ വ്യസനിക്കുന്നതിനെക്കാൾ വ്യസനിച്ചു. രണ്ടുതോണിയിലും കാൽവെയ്ക്കുന്നത് അപായമാണെന്നു മനസ്സിലായി. അയാൾ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിച്ച് ഏഴിമലയിൽ പോയി തപസ്സുചെയ്തു. ഈ കഥയിൽനിന്ന് എന്താണ് കുട്ടികളേ, പഠിയ്ക്കേണ്ടത്?

കുട്ടികൾ: സഞ്ജയൻ ഇത് ആരെക്കുറിച്ചോ എഴുതിയതാണെന്ന്.

* * *

കുട്ടികൾ പറഞ്ഞത് കേട്ടില്ലേ? ഇതാണ് സഞ്ജയന്ന് ഈയെടെയായി പറ്റുന്ന ഒരബദ്ധം. എന്തെഴുതിയാലും അതിന്ന് അഞ്ഞൂറ് അവകാശികളുണ്ട്. ഇങ്ങനെയായാൽ എങ്ങിനെയാണ് ഒരു കാര്യം പറയുക? ഈ വെറും കഥതന്നെ തങ്ങളെക്കുറിച്ചാണെന്നു വിചാരിക്കുവാനിടയുള്ള അഞ്ചെട്ടാളുകളെ സഞ്ജയന്നറിയാം. ഇനിയും എത്രപേരുണ്ടായിരിക്കുമെന്നു ദൈവംമാത്രം കണ്ടു. ചിലപ്പോൾ ആളുകൾ തെറ്റിദ്ധരിച്ചു മുഷിയാറുമുണ്ട്. അവർ മുഷിഞ്ഞിരിക്കുന്നു എന്നുള്ള വസ്തുത എങ്ങിനെയാണ് മനസ്സിലാക്കിയതെന്നോ? അതെളുപ്പമാണ്. മുഷിഞ്ഞവരുടെ ലക്ഷണങ്ങൾ പുതിയ മഹാഭാരതത്തിലെ സഞ്ജയവാക്യത്തിൽ പറഞ്ഞിട്ടുണ്ട്. ആ ഭാഗം താഴെ ചേർക്കാം.

* * *

> കണ്ടാലും കണ്ടില്ലെന്നു ഭാവിച്ചു നടക്കയും
> കണ്ടുപോയെന്നാൽ മുഖം വീർപ്പിച്ചു തിരിയ്ക്കയും.
> മറ്റെന്തോ വിചാരിച്ചു പോവതായ് നടിക്കയും,
> മറ്റെങ്ങോ നോക്കുന്നതായ് വെറുതെ ഭാവിക്കയും,
> കാലുകളിടറിയും കാൽനഖം നോക്കിക്കൊണ്ടും
> നാലുമൈൽസ്പീഡിൽക്കവിഞ്ഞുഗ്രമായ് നടക്കയും,
> പെട്ടെന്നു കുട ചരിച്ചാനനം മറയ്ക്കയും,
> നട്ടെല്ലുവളയാതെ വടിപോൽ സൂക്ഷിയ്ക്കയും,
> ഇത്തരം ചെയ്യുന്നവൻ മനസാ മുഷിഞ്ഞതായ്
> പത്രികാധിപ, ചൊല്ലാം തെല്ലുമേ കില്ലില്ലാതെ,

ഇങ്ങിനെയൊക്കെയാണ് ലക്ഷണം. പക്ഷേ, "ആളുകൾ അനാവശ്യമായി മുഷിഞ്ഞാൽ തനിക്ക് എന്താണ്?" എന്നു നിങ്ങൾ ഒരു സമയം ചോദിക്കുമായിരിക്കും. എന്തെങ്കിലും ഉണ്ടെന്നു ഞാൻ പറഞ്ഞുവോ?

11.11.1934

**ചെറുപ്പക്കാരൻ:** (കഴുതകളെ തെളിച്ചുവരുന്ന ദോബിയോട്ട്) നിങ്ങൾ കഴുതകളുടെ അച്ഛനാണോ?

**ദോബി:** അതേ, മകനേ.

(കേ. പ.)

* * *

നരകമുണ്ടെന്നുള്ളത് അഴിമതിക്കാരെ ഭീഷണിപ്പെടുത്തുവാൻ വേണ്ടി മാത്രം കെട്ടിയുണ്ടാക്കിയ ഒരു പച്ചക്കളവാണെന്ന് ഒരു സോവിയറ്റ് ഗ്രന്ഥകാരൻ പറയുന്നു.

അയാൾ കോഴിക്കോട്ടെ ഗുജറാത്തിനിരത്തും തളിയിലെ ചില ഭാഗങ്ങളും കണ്ടിട്ടില്ല.

(കേ. പ.)

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പൂപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014